**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4918** **14-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത-പുല്ലൂനി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത-പുല്ലൂനി റോഡിൽ പൂങ്ങോട്ടുകുളം മുതൽ മാങ്ങാട്ടിരി വരെ വീതി കൂട്ടി നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി മൂലം റോഡ് പൂർണ്ണമായും തകർന്ന് ഗതാഗത യോഗ്യമല്ലാതായ സാഹചര്യത്തിൽ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത- പുല്ലൂനി റോഡിൽ പൂങ്ങോട്ടുകുളം മുതൽ മാങ്ങാട്ടിരി വരെ വീതി കൂട്ടി നവീകരിക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേരള ജല അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കുകയും 22.01.2022 ന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും, കേരള വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ 16/09,/2022 ന് സൈറ്റ് കൈമാറുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിയുടെ കാലതാമസം കാരണവും, അനുമതി നൽകിയതിനേക്കാൾ കൂടുതൽ വീതിയിൽ റോഡ് കട്ട് ചെയ്തതിനാലും, നിലവിലെ റോഡ് തകരാറിലായതിനാൽ പ്രവൃത്തിക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ ജി3/482/പൊ.മ.വ./22 നമ്പർ ഫയലിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കുമോ; | (ബി) | തിരൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിരി-പൂക്കൈത- പുല്ലൂനി റോഡിൽ പൂങ്ങോട്ടുകുളം മുതൽ മാങ്ങാട്ടിരി വരെ വീതി കൂട്ടി നവീകരിക്കുന്ന പ്രവൃത്തി പുരോഗമിക്കവേ കേരള ജല അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കുകയും 22.01.2022 ന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും, കേരള വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ 16/09,/2022 ന് സൈറ്റ് കൈമാറുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിയുടെ കാലതാമസം കാരണവും, അനുമതി നൽകിയതിനേക്കാൾ കൂടുതൽ വീതിയിൽ റോഡ് കട്ട് ചെയ്തതിനാലും, നിലവിലെ റോഡ് തകരാറിലായതിനാൽ പ്രവൃത്തിക്കായി |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | തിരൂർ നഗരത്തിലെ പ്രധാന റോഡ് എന്ന പരിഗണന നൽകി പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ